നം. CEE/5656/2013/PGM-2014/TA3

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2014

1. കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ സീറ്റുകളിലേക്കും സ്വകാര്യ/സഹകരണ മെഡിക്കൽ കോളേജുകളിലെ ലഭ്യമായ 50% സീറ്റുകളിലേക്കും 2014 വർഷത്തിലെ വിവിധ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഓൾ ഇന്ത്യാ പോസ്റ്റ് ഗ്രാഡ്വേറ്റ് മെഡിക്കൽ പ്രവേശന പരീക്ഷ–2014 (AIPGMEE-2014) ൽ നിശ്ചിത യോഗ്യത നേടി കേരള സംസ്ഥാനത്തിന് വേണ്ടിയുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ:**

(i) **വിദ്യാഭ്യാസ യോഗ്യതകൾ:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നും ലഭിച്ചതോ അല്ലെങ്കിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതും, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിലോ, സംസ്ഥാന മെഡിക്കൽ കൗൺസിലിലോ രജിസ്റ്റർ ചെയ്തതുമായ എം.ബി.ബി.എസ് ബിരുദം. **31.03.2014** നോ അതിന് മുമ്പോ സി.ആർ.ആർ.ഐ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കും പ്രവേശനത്തിനായി അപേക്ഷിക്കാവുന്നതാണ്. ഇവർ പ്രവേശനത്തിന് മുമ്പ് റ്റി.സി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നേടിയിരിക്കണം.

(ii) **നേറ്റിവിറ്റി:** അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം. അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ് ബിരുദം നേടിയിരിക്കണം. കേരളത്തിലെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ നിന്നും ബിരുദമെടുത്ത കേരളീയരല്ലാത്ത അപേക്ഷകർ സാമുദായിക/പ്രത്യേക/ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണാനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല.

(iii) **വയസ്:** വിവിധ വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകരുടെ ഉയർന്ന പ്രായപരിധി **01.01.2014-ന്** ഇപ്രകാരമായിരിക്കും.

ജനറൽ വിഭാഗം : ഉയർന്ന പ്രായ പരിധിയില്ല.

സർവ്വീസ് വിഭാഗം :സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി പ്രോസ്പെകടസ് ക്ലോസ് 4-3 പ്രകാരമായിരിക്കും.

(iv) **യോഗ്യതാ മാനദണ്ഡം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷരും 2014 വർഷത്തിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഓൾ ഇന്ത്യാ പോസ്റ്റ് ഗ്രാഡ്വേറ്റ് മെഡിക്കൽ പ്രവേശന പരീക്ഷ–2014 (AIPGMEE-2014) അഭിമുഖ ീകരിച്ച് നിശ്ചിത യോഗ്യത നേടിയിരിക്കണം. ജനറൽ വിഭാഗ ക്കാർ കുറഞ്ഞത് 50% മാർക്ക് നേടിയിരിക്കണം. എന്നാൽ എസ്.സി, എസ്.ടി, എസ്.ഇ.ബി.സി വിഭാഗങ്ങളിൽപ്പെടുന്നവർ കുറഞ്ഞത് 40% മാർക്ക് നേടിയാൽ മതിയാകും. കാലുകൾക്ക് 40% മുതൽ 70% വരെ ചലന വൈകല്യമുള്ളവർ കുറഞ്ഞത് 45% മാർക്ക് നേടിയിരിക്കണം.

സർവ്വീസ് ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുന്നവരുടെ യോഗ്യതാ മാനദണ്ഡം താഴെ പറയും പ്രകാരമാണ്.

ജനറൽ വിഭാഗക്കാർ കുറഞ്ഞത് 45% മാർക്ക് നേടിയിരിക്കണം. എന്നാൽ എസ്.സി, എസ്.ടി, എസ്.ഇ.ബി.സി വിഭാഗങ്ങളിൽപ്പെടുന്നവർ കുറഞ്ഞത് 35% മാർക്ക് നേടിയാൽ മതിയാകും. കാലുകൾക്ക് 40% മുതൽ 70% വരെ ചലന വൈകല്യമുള്ളവർ കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം.

3. **പ്രവേശന രീതി:** 2014 വർഷത്തിലെ ബിരുദാനന്തര ബിരുദ മെഡിക്കൽ പ്രവേശനത്തിനായി നടത്തിയ ഓൾ ഇന്ത്യാ പോസ്റ്റ് ഗ്രാഡ്വേറ്റ് മെഡിക്കൽ പ്രവേശന പരീക്ഷ–2014 (AIPGMEE-2014) അഭിമുഖീകരിച്ച് നിശ്ചിത യോഗ്യത നേടി കേരള സംസ്ഥാനത്തിനുവേണ്ടി തയ്യാറാക്കപ്പെട്ട ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, പ്രോസ്പെക്ടസ് ക്ലോസ് 4 പ്രകാരം നിശ്ചിത യോഗ്യതകളുള്ളതുമായ സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള അപേക്ഷകരെ മാത്രമേ ബിരുദാനന്തര ബിരുദ മെഡിക്കൽ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ. അപേക്ഷകരുടെ യോഗ്യതയ്ക്കനുസരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന മെരിറ്റ് ലിസ്റ്റിന്റേയും വിവിധ സംവരണ വിഭാഗങ്ങൾക്കുള്ള കാറ്റഗറി ലിസ്റ്റിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത്. പോസ്റ്റ് ഗ്രാജുവേറ്റ് സെലക്ഷൻ കമ്മിറ്റി

അംഗീകരിച്ച ശേഷം മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സമർപ്പിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സർവ്വീസ് വിഭാഗക്കാരെ തെരഞ്ഞെടുക്കുന്നതാണ്.

4. **അപേക്ഷാ സമർപ്പണവും, അപേക്ഷാ ഫീസും:**
സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **20.02.2014** മുതൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ് മേൽപ്പറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസ് ക്ലോസ് 8-ൽ വിശദമാക്കിയിട്ടുണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും, അതിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെലാൻ ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഏതെങ്കിലും ശാഖകളിലൊന്നിൽ അപേക്ഷാഫീസ് അടയ്ക്കേണ്ടതുമാണ്. കേരളത്തിന് പുറത്ത് നിന്നുള്ള അപേക്ഷാർത്ഥികൾ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ജനറൽ/സർവ്വീസ് വിഭാഗം അപേക്ഷാ ഫീസ് 1000/- രൂപ. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ 500/- രൂപ. ജനറൽ ക്വോട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷകർ 1000/- രൂപ അധികമായി അടയ്ക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാ ഫോമുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ മെഡിക്കൽ കോളേജുകളിലോ ലഭിക്കുന്നതല്ല.

5. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തശേഷം നിർദ്ദിഷ്ട സ്ഥാനത്ത് അപേക്ഷകർ തങ്ങളുടെ പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ (AIPGMEE-2014 അപേക്ഷയിൽ ഓൺലൈനായി സമർപ്പിച്ച ഫോട്ടോ) പതിച്ച് ഒരു സർക്കാർ ഗസറ്റഡ് ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ടും പ്രോസ്പെക്ടസ്സ് ക്ലോസ് 8-5 ൽ പറഞ്ഞിട്ടുള്ള അനുബന്ധ രേഖകളും, ബാങ്ക് ചെലാൻ അഥവാ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം നേരിട്ടോ അല്ലെങ്കിൽ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ 28.02.2014 (വെള്ളിയാഴ്ച)** വൈകുന്നേരം 5 മണിക്ക് മുമ്പ് ലഭിക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും, അപൂർണ്ണങ്ങളുമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കില്ല.
സർവ്വീസ് ക്വോട്ടയിൽ അപേക്ഷിക്കുന്ന അപേക്ഷാർത്ഥികൾ പ്രോസ്പെക്ടസിലെ ക്ലോസ് 8-2, 8-3 എന്നിവയിലെ നടപടി ക്രമങ്ങളനുസരിച്ച് ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുകയും അപേക്ഷയുടെ പ്രിന്റൗട്ട് ക്ലോസ് 8-5 ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം പ്രവേശന പരീക്ഷാ കമ്മീഷണർക്കും അപേക്ഷയുടെ ഒരു പകർപ്പ് അവരുടെ കൺട്രോളിംഗ് ആഫീസർക്കും (DME/DHS/DIMS/DMS) നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

6. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരിക്കുന്നതല്ല.

7. **അഡ്മിറ്റ് കാർഡ്:** പ്രവേശനത്തിനുള്ള യോഗ്യത നേടി വിവിധ മെരിറ്റ്/കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടവർക്കുള്ള അഡ്മിറ്റ് കാർഡ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും നിശ്ചിത തീയതിക്കുശേഷം ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

8. സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ് എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

9. സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2014 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
19.02.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**